# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3782 - 24/06/2014-ലെ മറുപടിക്ക്

## വികസന പദ്ധതികൾക്കായുള്ള ഉന്നതാധികാര സമിതി

| ചോദ്യം<br><br>ശ്രീ. എ. എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ഉത്തരം<br><br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) അടിസ്ഥാന സൗകര്യവികസന പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി ഉന്നതാധികാരസമിതി രൂപീകരിച്ചിട്ടുണ്ടോ ; | സംസ്ഥാനത്തെ പ്രധാനപ്പെട്ട 10 അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ (കൊച്ചി മെട്രോ, തിരുവനന്തപുരം-കോഴിക്കോട് മോണോ റെയിൽ, ഹൈസ്പീഡ് റെയിൽ കോറിഡോർ, കണ്ണൂർ എയർപോർട്ട്, വിഴിഞ്ഞം തുറമുഖം തുടങ്ങിയവ) സുഗമവും സമയ ബന്ധിതവുമായ നടത്തിപ്പിനായി ആസൂത്രണസാമ്പത്തിക കാര്യ (എ) വകുപ്പിന്റെ 08.10.2013 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) 51/2013/പ്ലാനിംഗ് പ്രകാരം ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതിയിൽ ആസൂത്രണ-സാമ്പത്തികകാര്യം, വ്യവസായം, ഗതാഗതം, കായികവും യുവജനക്ഷേമവും, തുറമുഖം എന്നീ വകുപ്പ് സെക്രട്ടറിമാരും ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയും അംഗങ്ങളും ബന്ധപ്പെട്ട വകുപ്പ് തലവൻമാർ പ്രത്യേക ക്ഷണിതാക്കളുമാണ്. |

| | |
|---|---|
| (ബി) ഈ സമിതി എന്നാണ് രൂപീകൃതമായത് ; എത്ര തവണ യോഗം ചേർന്നു ; | 08-10-2013 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരമാണ് ഈ സമിതി രൂപീകൃതമായത്. ഈ സമിതി രണ്ട് തവണ യോഗം ചേർന്നു. |
| (സി) പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് സമിതി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ? | പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികളായ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, കേരള മോണോറെയിൽ കോർപ്പറേഷൻ, ക്യാപിറ്റൽ റീജ്യൺ ഡെവലപ്പ്മെന്റ് പ്രോജക്ട്, നാഷണൽ ഗെയിംസ്, വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് എന്നീ പ്രോജക്ടുകൾക്ക് ഫണ്ട് നൽകുന്നതിന് ഈ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**